രജിസ്ട്രേഷൻ വകുപ്പിലെ വിവിധ സേവനങ്ങൾക്കുള്ള ഫീസുകളുടെ വർദ്ധന

241 (1275) <u>ശ്രീമതി കെ.കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്ട്രേഷൻ വകുപ്പിലെ വിവിധ സേവനങ്ങൾക്കുള്ള ഏതെല്ലാം ഫീസുകളാണ് വർദ്ധിപ്പിച്ചിട്ടുള്ളത് ;

(ബി) ഓരോ ഘട്ടത്തിലും വർദ്ധിപ്പിച്ച ഫീസ് നിരക്കും അതിന് മുമ്പുണ്ടായിരുന്ന ഫീസും എത്രയെന്ന് വിശദമാക്കാമോ ;

(സി) കുടുംബാംഗങ്ങൾ തമ്മിലുള്ള വസ്തുക്കൈമാറ്റം രജിസ്റ്റർ ചെയ്യുന്നതിന് ഈടാക്കുന്ന ഫീസ് എത്ര ; സ്റ്റാമ്പ് ഡ്യൂട്ടി നിരക്കെത്ര ?

<u>ഉത്തരം</u>

(എ) 1. 955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ട് പ്രകാരം വിവിധ ഇനങ്ങളിന്മേൽ പിഴ ഈടാക്കുന്നതിനുള്ള ഫീസ് 2013-ലെ ഫിനാൻസ് ബിൽ പ്രകാരം വർദ്ധിപ്പിക്കുകയും 2014-ലെ ഫിനാൻസ് ബിൽ പ്രകാരം ആയത് കുറച്ച് ഉത്തരവാകുകയും ചെയ്തു. വിശദവിവരം അനുബന്ധം (I) ആയി ചേർത്തിരിക്കുന്നു.

2. 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ടിൻ കീഴിൽ രജിസ്റ്റർ ചെയ്യുന്ന സംഘങ്ങളുടെ രജിസ്ട്രേഷൻ ഫീസ് 23-9-2014-ലെ G.O.(P) No.409/14 /Fin. നമ്പർ ഉത്തരവിലൂടെ 50% വർദ്ധിപ്പിച്ചു. നിലവിൽ 25 രൂപയായിരുന്നത് 38 രൂപയായി വർദ്ധിപ്പിച്ചു.ടി ഉത്തരവിലൂടെ 2005-ലെ വിവരാവകാശ നിയമത്തിലെ 4(2) വകുപ്പ് പ്രകാരം ഫ്ളോപ്പി, സി.ഡി., മറ്റേതെങ്കിലും ഇലക്ട്രോണിക് രൂപത്തിൽ വിവരങ്ങൾ നൽകുന്നതിനുള്ള ഫീസ് 50% വർദ്ധിപ്പിച്ചു. നിലവിൽ 50 രൂപയായിരുന്നത് 75 രൂപയായി വർദ്ധിപ്പിച്ചു. ടി ഉത്തരവ് അനുബന്ധം (II) ആയി ചേർത്തിരിക്കുന്നു.*

3. ഫോം രജിസ്ട്രേഷന് രജിസ്ട്രേഷൻ ഫീസ് 15 രൂപയിൽ നിന്ന് 500 രൂപയായും ഭേദഗതി (change) ഫയൽ ചെയ്യുന്നതിന് 5 രൂപയിൽനിന്ന് 200 രൂപയായും തെരച്ചിലിന് 2 രൂപയിൽ നിന്നും 50 രൂപയായും പകർപ്പിന് 10 രൂപയിൽ നിന്ന് 100 രൂപയായും 18-10-2013-ലെ 22657/Leg.A2/2011/ Law നമ്പർ വിജ്ഞാപന പ്രകാരം വർദ്ധിപ്പിക്കുകയുണ്ടായി. ടി വിജ്ഞാപനം അനുബന്ധം(III) ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4. ചിട്ടി ഫീസുകൾ G.O.(P) 209/2013/TD തീയതി 18-12-2013 നമ്പർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചുവെങ്കിലും ടി ഉത്തരവ് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ വർദ്ധനവ് നിലവിൽ വന്നിട്ടില്ല. ടി ഉത്തരവ് അനുബന്ധം (IV) ആയി ചേർത്തിരിക്കുന്നു.*

5. 29-3-2012-ലെ G.O.(P) 8/12/Law, 26-11-2013-ലെ G.O.(P) 7/2013/Law നമ്പർ വിജ്ഞാപനങ്ങൾ പ്രകാരം 1954-ലെ സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരമുള്ള വിവിധ സേവനങ്ങളുടെ നിരക്കുകൾ വർദ്ധിപ്പിച്ചു. ടി ഉത്തരവുകൾ അനുബന്ധം (V) (a) യും (V)(b) യും ആയി ചേർത്തിരിക്കുന്നു.*

6. 27-4-2013-ലെ No. 88/2013/TD നമ്പർ വിജ്ഞാപന പ്രകാരം രജിസ്ട്രേഷൻ ഫീസ് പട്ടിക പ്രകാരമുള്ള വിവിധ സേവന നിരക്കുകളിൽ വർദ്ധവ് വരുത്തിയിട്ടുള്ളതാണ്. വിശദവിവരം അനുബന്ധം (VI) ആയി ചേർത്തിരിക്കുന്നു.*

7. 22-4-2015-ലെ G.O.(P) No. 66/2015/TD നമ്പർ വിജ്ഞാപനത്തിലൂടെ രജിസ്ട്രേഷൻ ഫീസ് പട്ടിക പ്രകാരമുള്ള വിവിധ സേവന നിരക്കുകളിൽ വർദ്ധനവ് വരുത്തി. വിശദവിവരം അനുബന്ധം (VII) ആയി ചേർത്തിരിക്കുന്നു.*

(ബി) വിവിധ ഇനങ്ങളുടെ വർദ്ധിപ്പിച്ച ഫീസ് നിരക്കുകൾ, വർദ്ധനവ് നിലവിൽ വരുന്നതിനു മുമ്പുണ്ടായിരുന്ന ഫീസ് നിരക്കുകൾ എന്നിവ അനുബന്ധം (VIII) ആയി ചേർത്തിരിക്കുന്നു.*

(സി) കുടുംബാംഗങ്ങളുടെ ഭാഗപത്രം, ഒഴിമുറി എന്നീ ആധാരങ്ങൾക്ക് ഫെയർവാല്യൂ പ്രകാരമുള്ള വില/ഫെയർവാല്യൂ പ്രകാരം ആധാരത്തിൽ പ്രസ്താവിച്ചിട്ടുള്ള തുക, ഇവയിൽ ഏതാണോ കൂടുതൽ ആയതിന്റെ 1% എന്നതിനു വിധേയമായി പരമാവധി 1,000 രൂപയും ദാനം, ധനനിശ്ചയം എന്നിവയ്ക്ക് വിലയുടെ 2% എന്നതിനു വിധേയമായി പരമാവധി 1,000 രൂപയുമാണ് സ്റ്റാമ്പ് ഡ്യൂട്ടി നൽകേണ്ടത്.

8-10-2014-ലെ Go(P)No.172/2014/TD വിജ്ഞാപനത്തിലൂടെ കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ദാനം, ഒഴിമുറി, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് മൂല്യം/ന്യായവില, ഇവയിൽ ഏതാണോ കൂടുതൽ ആയതിന്റെ 1% ആണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly